## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1382 20.1.2014- ലെ മറുപടിക്ക്

## ഡീസൽ, പെട്രോൾ വിലയും നികുതിയും

| ചോദ്യം<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഡീസലിനും പെട്രോളിനും സംസ്ഥാനത്ത് നിലവിലുള്ള വില, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെല്ലാം ഇനത്തിലും, നിരക്കിലുമുള്ള നികുതികളോട് കൂടിയതാണെന്ന് വിശദമാക്കാമോ ; | (എ) | ഡീസൽ, പെട്രോൾ എന്നിവയുടെ റീട്ടയിൽ വില ടാക്സബിൾ വാല്യുവിന്മേലുള്ള നികുതി, സെസ്സ്, കമ്മീഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. ഇതിൽ ടാക്സബിൾ വാല്യു എന്നത് ഇന്ധനത്തിന്റെ അടിസ്ഥാന വില, എക്സൈസ് ഡ്യൂട്ടി, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നിവ ഉൾപ്പെട്ടതാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ഡീസലിനും പെട്രോളിനും എത്ര തവണ വില വർദ്ധിപ്പിക്കുകയുണ്ടായി ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പെട്രോളിന്റെ അടിസ്ഥാനവിലയിൽ ഡീലർ കമ്മീഷൻ ഉൾപ്പെടെ 18 തവണയും ഡീസലിന് 16 തവണയും വർദ്ധനവ് നടന്നിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വരുന്നദിവസം സംസ്ഥാനത്ത് ഒരു ലിറ്റർ ഡീസലിന് ഉണ്ടായിരുന്ന | (സി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അടിസ്ഥാനവിലയിൽ വർദ്ധനവ് ഉണ്ടാകുന്നതിനുമുന്ന് |

| | | | |
|---|---|---|---|
| | വിലയെത്രയാണ് ; അതിപ്പോൾ എത്രയായി ഉയർത്തിയിരിക്കുന്നു ; | | ഡീസലിന്റെ റീട്ടേൽ വില ലിറ്ററിന് രൂപ 41.10 **(EKM)** ആയിരുന്നു. 04/01/2014-ന്റെ വർദ്ധനവിനുശേഷം ഇപ്പോൾ ഇതിന്റെ വില ലിറ്ററിന് 57.05 രൂപയാണ്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വരുന്ന ഘട്ടത്തിൽ പ്രതിദിനം എത്ര ലിറ്റർ വീതം പെട്രോളും, ഡീസലും സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടിരുന്നു; അതിപ്പോൾ എത്രയായി വർദ്ധിച്ചിട്ടുണ്ട്; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വരുന്ന ഘട്ടത്തിൽ പ്രതിദിനം ഏകദേശം 3500 റോളം കിലോ ലിറ്റർ പെട്രോളും 8000 ത്തോളം കിലോ ലിറ്റർ ഡീസലും സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടിരുന്നു. ഇപ്പോൾ പെട്രോൾ പ്രതിദിനം ഏകദേശം 4800 റോളം കിലോ ലിറ്ററും ഡീസൽ 11000 ത്തോളം കിലോ ലിറ്ററും വിറ്റഴിക്കപ്പെടുന്നു. |
| (ഇ) | പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിനത്തിൽ 2011 മേയ് മാസം സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്രയായിരുന്നു ; അതിപ്പോൾ എത്രയായി വർദ്ധിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | (ഇ) | 2011 മെയ് മാസം പെട്രോളിൽ നിന്നും നികുതിയിനത്തിൽ 123.93 കോടി രൂപയും ഡീസലിൽ നിന്ന് 153.07 കോടി രൂപയുമാണ് ലഭിച്ചത്. 2013 ഡിസംബർ മാസത്തിൽ പെട്രോളിൽ നിന്നും നികുതിയിനത്തിൽ ലഭിച്ച വരുമാനം 168.88 കോടി രൂപയും ഡീസലിൽ നിന്നും 238.07 കോടി രൂപയുമാണ് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ